"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കൊല്ലം ജില്ലയിലെ ഇളമാട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ എം.എ. സത്താർ- ചികിത്സാസഹായം- അനുമതി ഉത്തരവ് - റദ്ദുചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

സ.ഉ.(സാധാ) നം.**1157/2020**/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/06/2020

---

പരാമർശം:- 1 സർക്കാർ ഉത്തരവ്, സ.ഉ.(സാധാ) നം.2243/2019/തസ്വഭവ തീയതി 11/10/2019.

2 ഇളമാട് ഗ്രാമപഞ്ചായത്തിന്റെ 24/1/2020-ലെ സാധാരണ യോഗത്തിന്റെ 4(1) നമ്പർ തീരുമാനം.

3 ഇളമാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07/03/2020- ലെ സി2-511/2019 നം. കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ഇളമാട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ എം.എ. സത്താറിന് ചികിത്സാസഹായമായി 4,64,556/-രൂപ തനത് ഫണ്ടിൽ അനുവദിച്ച് നൽകുന്നതിന് പരാമർശം(1) പ്രകാരം നൽകിയ അനുമതി റദ്ദ് ചെയ്യുന്നതിന് സർക്കാരിനോട് ആവശ്യപ്പെടുവാൻ പഞ്ചായത്തിന്റെ ഭരണ സമിതി പരാമർശം (2) പ്രകാരം തീരുമാനമെടുത്തിരുന്നു.

ഈ വിഷയത്തിൽ സർക്കാർ ഇളമാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. 9.08.2019 – ലെ ഇളമാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി, വൈസ് പ്രസിഡന്റ് ആയ ശ്രീ. എം.എ സത്താറിന് ചികിത്സാ സഹായത്തിനായി കത്ത് നൽകണമെന്ന് ടിയാൻ ആവശ്യപ്പെട്ടതനുസരിച്ച് തീരുമാനിച്ചിരുന്നുവെന്നും ഈ സമയത്ത് ടിയാൻ ചികിത്സാ രേഖകൾ ഒന്നും ഹാജരാക്കിയിരുന്നില്ലെന്നും അന്നേ ദിവസം ടിയാൻ സ്വന്തം നിലയിൽ കത്ത് തയ്യാറാക്കി, ചികിത്സയ്ക്ക് ആവശ്യമായ തുക സംബന്ധിച്ച് സെക്രട്ടറിയെ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും, ചെലവ് അംഗീകരിച്ച് കൊണ്ട് സെക്രട്ടറി, തീരുമാനത്തിന്റെ പകർപ്പ് നൽകിയിട്ടുണ്ടെന്നും തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് പ്രസിഡന്റിനെക്കൊണ്ട് കത്തിൽ ഒപ്പിടുവിച്ച് സർക്കാരിലേക്ക് കത്തയച്ചതെന്നും എന്നാൽ അത്തരത്തിൽ ഒരു തീരുമാനം സെക്രട്ടറി നൽകിയിട്ടില്ലെന്നും തീരുമാനത്തിന്റെ പകർപ്പ് വ്യാജമായിരുന്നുവെന്നും പരാമർശം (3) പ്രകാരം ഇളമാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടിയാന് വിവിധ ആശുപത്രികളിലായി 1,01,556/- രൂപ മാത്രമാണ് ചികിത്സയ്ക്ക് ചെലവായിട്ടുള്ളതെന്നും ശ്രീ. എം.എ. സത്താറിന് ചികിത്സാ ചെലവ് മടക്കി നൽകുന്നതിനായി നൽകിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 24.01.2020 – ൽ പഞ്ചായത്ത് ഭരണസമിതി യോഗം കൂടി ചികിത്സാ ചെലവ് അനുവദിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും ഇപ്പോൾ തുക ലഭ്യമല്ലെന്നും ഉത്തരവ് റദ്ദ് ചെയ്യണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം പരിശോധിച്ചു. ഇളമാട് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ

24/01/2020-ലെ സാധാരണ യോഗത്തിന്റെ IV(1)-ാം നമ്പർ തീരുമാനം പ്രകാരം തനത് ഫണ്ടിൽ ആവശ്യമായ തുകയില്ലെന്നും അപേക്ഷയോടൊപ്പം ഹാജരാക്കിയ പഞ്ചായത്ത് രേഖകൾ തെറ്റിദ്ധരിപ്പിച്ച് ഉണ്ടാക്കിയതാണെന്നും വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ പരാമർശം 1 ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുനിത ഐ**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ഇളമാട് ഗ്രാമപഞ്ചായത്ത്, കൊല്ലം.
ശ്രീ. എം.എ.സത്താർ, വൈസ് പ്രസിഡണ്ട്, ഇളമാട് ഗ്രാമപഞ്ചായത്ത്, കൊല്ലം.
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ.ഡി.(വെബ്& ന്യൂ മീഡിയ) തിരുവനന്തപുരം.
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ